കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ബഡ്ജറ്റ് പ്രവൃത്തി - 2025-26 -പാലക്കാട് ജില്ല- പട്ടാമ്പി നിയോജകമണ്ഡലത്തിലെ **"പട്ടാമ്പി മണ്ഡലത്തിൽ റീഡിംഗ് കോർണറുകൾ"** എന്ന പ്രവൃത്തിയ്ക്ക് പകരമായി ഉൾപ്പെടുത്തിയ 3 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.)വകുപ്പ്**

സ.ഉ.(സാധാ) നം.475/2026/LSGD തീയതി,തിരുവനന്തപുരം, 25-02-2026

---

പരാമർശം:- 1. 27.08.2025-ലെ സ.ഉ.(സാധാ.)നം.6947/2025/ധന.

2. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 04.02.2026-ലെ LSGD/PD/3499/2026-EW6-നമ്പർ കത്ത്

ഉത്തരവ്

2025-26 ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II ൽ ക്രമ നമ്പർ.287 ആയി 1 കോടി രൂപ എസ്റ്റിമേറ്റും 20% വിഹിതവും അനുവദിച്ച് തദ്ദേശസ്വയംഭരണ വകുപ്പിനെ നിർവ്വഹണ വകുപ്പാക്കി ഉൾപ്പെടുത്തിയ **"പട്ടാമ്പി മണ്ഡലത്തിൽ റീഡിംഗ് കോർണറുകൾ"** എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുകൾ നേരിടുന്നത് കൊണ്ട് പ്രസ്തുത പ്രവൃത്തിയ്ക്ക് പകരം തദ്ദേശസ്വയംഭരണ വകുപ്പിനെ നിർവ്വഹണ വകുപ്പാക്കി ചുവടെ ചേർക്കുന്ന ചുവടെ ചേർക്കുന്ന 3 പ്രവൃത്തികൾ ഉൾപ്പെടുത്തി പരാമർശം (1) പകരം ഉത്തരവായിരുന്നു. പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകണമെന്ന് തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

| ക്രമ നം. | പ്രവൃത്തി | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | വല്ലപ്പുഴ ചുങ്കപ്പിലാവ് നാലുമൂല റോഡ് | 40 |
| 2 | ആശുപത്രി പാത്തുപ്പടി റോഡ് | 50 |
| 3 | നമീബ്രം -കണ്ണമ്പാറ റോഡ് | 10 |
| | **ആകെ** | **100** |

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരമുള്ള ഭേദഗതി ഉത്തരവ് പ്രകാരം ഉൾപ്പെടുത്തിയിരിക്കുന്ന മേൽ പരാമർശിച്ചിരിക്കുന്ന പ്രവൃത്തികൾക്ക് 100 ലക്ഷം രൂപയുടെ(**നൂറ് ലക്ഷം രൂപയുടെ മാത്രം**) ഭരണാനുമതി നൽകിയും, ടി പ്രവൃത്തിക്കാവശ്യമായ ചെലവ് 4515-00-800-92(NP)' എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡീഷണൽ സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3) അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം
4) ധനകാര്യ വകുപ്പ്. (E:3415749/DEV-3/53/2026-Fin dated 21.02.2026) (AS/LGD/25/49185)
5) ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
6) ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ വിംഗ്, ഐ.പി.ആർ.ഡി. തിരുവനന്തപുരം
7) കരുതൽ ഫയൽ. (DB2/105/2026-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 25-02-2026 16:42:26